ശ്രീ. സി. അച്യുതമേനോൻ: പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ട ആളുകൾക്ക് റിസർവ്വ് ചെയ്തിട്ടുള്ളടത്തോളം നിയമനങ്ങൾ കിട്ടിയിട്ടില്ലെന്നും, അതിന്റെ കാരണം അവരിൽ യോഗ്യതയുള്ളവർ ഇല്ലാത്തതുകൊണ്ടായിരിക്കാം എന്നും ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞു. ഇതിന്റെ അടിസ്ഥാനത്തിൽ വേണ്ടത്ര യോഗ്യതയുള്ള ആളുകളെ കിട്ടുന്നതിനുവേണ്ടി പരിശീലനം ആവശ്യമാണെങ്കിൽ അതു നൽകിയോ മറേറാ അതു് നടപ്പിലാക്കണമെന്നുള്ള വ്യഗ്രതയോടുകൂടി നടപടി സ്വീകരിക്കാൻ തയാറാകുമോ?

ശ്രീ. ആർ. ശങ്കർ: അതുകൊണ്ടാണു പ്രൊഫഷനൽ കോളേജുകളിലും മറും അവർക്കു് കുറച്ചു സീറുകൾ സംവരണം ചെയ്തു അവരെ യോഗ്യതയുള്ളവരാക്കിത്തീർക്കണമെന്നു ഗവണ്മെൻറു കരുതുന്നതു്. ഇപ്പോൾ പിന്നാക്ക സമുദായക്കാരെസംബന്ധിച്ചിടത്തോളം, കോടതിവിധിമൂലം ഒരു ബുദ്ധിമുട്ടു് ഉണ്ടായിട്ടുണ്ടു്. അതിനു് എന്തു പരിഹാരം ഉണ്ടാക്കാൻ കഴിയുമെന്നു ഗവണ്മെൻറു് ആലോചിക്കുകയാണു്. അതിൽ കവിഞ്ഞു് എന്തു ചെയ്യാൻ കഴിയുമെന്നു ഗവണ്മെൻറിനു നിശ്ചയമില്ല.

ഹരിജൻ വിദ്യാർത്ഥികൾ.

✱ 315. [2] ശ്രീ. കെ. കെ. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ഹരിജനക്ഷേമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ അദ്ധ്യയനവർഷത്തിൽ പ്രൈമറി, സെക്കണ്ടറി സ്കൂളുകളിലും ആർട്ടു്സു്, മെഡിക്കൽ, ഇൻജിനീയറിംഗു് കോളേജുകളിലും മറുടെക്നിക്കൽ സ്കൂളുകളിലും പഠിച്ചുകൊണ്ടിരിക്കുന്ന ഹരിജൻ വിദ്യാർത്ഥികൾ എത്രവീതമാണെന്നു് പറയാമോ;

(ബി) ഇവർക്കു് നൽകുന്ന വിദ്യാഭ്യാസാനുകൂല്യങ്ങൾ എന്തെല്ലാം;

(സി) ആ ഇനത്തിൽ ഈ വർഷത്തിൽ ചെലവായ സംഖ്യ എത്ര?

ഹരിജനക്ഷേമവകുപ്പുമന്ത്രി (ശ്രീ. കെ. കുഞ്ഞമ്പു):

(എ) പ്രൈമറി, അപ്പർപ്രൈമറി, സെക്കൻഡറി, ടെയിനിംഗു് 347,388 കുട്ടികൾ

മെഡിക്കൽ....	76	:
ഇൻജനീയറിംഗു്....	81	:
ആർടു്സുകോളേജുകൾ..	2667	:
സാങ്കേതികവിഭാഗം..	900	:

(ബി) : ഫീസു് സൗജന്യം, ഹോസ്റ്റൽ സൗജന്യതാമസം, സൗജന്യഭക്ഷണം, ലംപു്സം ഗ്രാൻറു്, സ്റ്റൈപ്പൻഡു്, പോക്കറ്റുമണി എന്നീ ആനുകൂല്യങ്ങൾ നൽകുന്നുണ്ടു്.

(സി) 1964 ജനുവരി 31-ാംതീയതി വരെ 57,53,735 രൂപാ 49 ന.സ ചെലവായിട്ടുണ്ടു്.

ശ്രീ. കെ. കെ. ബാലകൃഷ്ണൻ: മൂന്നും നാലും സ്റ്റാൻേറർഡിൽ പഠിക്കുന്ന ഹരിജൻവിദ്യാർത്ഥികൾക്കു നൽകുന്ന ലംപു്സം ഗ്രാൻറു് 5 രൂപയായി വർദ്ധിപ്പിക്കണമെന്നും 'ഹോസ്റ്റലിൽ താമസിച്ചു പഠിക്കുന്നവരുടെ പോക്കറ്റുമണി 5 രൂപയിൽനിന്നും 10രൂപയാക്കി വർദ്ധിപ്പിക്കണമെന്നും ഇവാല്യുവേഷൻ കമ്മിറ്റി നൽകിയ നിർദ്ദേശം ഈ ഗവണ്മെൻറു നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. കെ. കുഞ്ഞമ്പു: ഇവാല്യുവേഷൻ കമ്മിറ്റി വർദ്ധനവു വരുത്തണമെന്നാവശ്യപ്പെട്ടിരുന്നു. പക്ഷെ നടപ്പിലാക്കാൻ ഗവണ്മെൻറിനു സാധിച്ചില്ല. കാരണം, സാമ്പത്തികപരാധീനതയാണു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. കെ. ബാലകൃഷ്ണൻ: കാളേജിൽപഠിക്കുന്ന കുട്ടികൾക്കു കൊടുക്കുന്ന 45രൂപാ അവരുടെ ഇന്നത്തെ ആഹാരച്ചെലവിനെ പരിഗണിച്ചു് ഒരു 70 രൂപയെങ്കിലും ആക്കി വർദ്ധിപ്പിക്കാൻ ശ്രമിക്കുമോ?

ശ്രീ. കെ. കുഞ്ഞമ്പു: അതിനു യാതൊരു നിവ്വാഹവുമില്ല.

ശ്രീ. പി. കെ. കുഞ്ഞച്ചൻ: സാധനങ്ങളുടെ വിലവ്വർദ്ധനവു പരിഗണിച്ചു് ഇന്നു 45 രൂപകൊണ്ടു ജീവിക്കാൻ നിവൃത്തിയില്ലെന്നു മനസ്സിലാക്കി അതു വർദ്ധിപ്പിക്കാൻ നോക്കുമോ?

ശ്രീ. കെ. കുഞ്ഞമ്പു: ഗവണ്മെൻറിനുണ്ടായിട്ടുള്ള സാമ്പത്തികവിഷമം പരിഗണിച്ചു് തല്ക്കാലം സംഖ്യ വർദ്ധിപ്പിക്കുവാൻ നിവൃത്തിയില്ല.

ശ്രീ. കെ. നാരായണക്കുറുപ്പു്: ഇൻഡസ്ട്രിയൽ ട്രെയിനിംഗ്ഗു് ഇൻസ്റ്റിറ്റ്യൂഷനിൽ പഠിക്കുന്ന കുട്ടികൾക്കു് സ്റ്റൈപ്പൻറു കൊടുക്കുന്നുണ്ടോ?

ശ്രീ. കെ. കുഞ്ഞമ്പു: ഹരിജൻ ഡിപ്പാർട്ടുമെൻറിൽനിന്നു് പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കുമാത്രമെ കൊടുക്കുന്നുള്ളു.

ശ്രീ. ഈ. പി. ഗോപാലൻ: ഹോസ്റ്റലിൽ താമസിക്കുന്നവർക്കു കൊടുക്കുന്ന സംഖ്യ എത്രയാണു്? അതു ലഭിക്കാതെവരുന്നുവെന്നു് ആക്ഷേപം കിട്ടിയിട്ടില്ലേ? അതു വർദ്ധിപ്പിച്ചുകൊടുക്കാനുള്ള ആലോചന നടത്തുന്നുണ്ടോ?

ശ്രീ. കെ. കുഞ്ഞമ്പു: വർദ്ധിപ്പിച്ചുകൊടുക്കാൻ ഇവാല്യുവേഷൻകമ്മിറ്റി റിപ്പോർട്ടിൽ ആവശ്യപ്പെട്ടിട്ടുണ്ടു്. അഡ്വൈസ്സുകമ്മിറ്റി ബോർഡിലും ബഹുമാനപ്പെട്ട മെംബർമാർ ആവശ്യപ്പെട്ടിട്ടുണ്ടു്. ഗവണ്മെൻറിൻറെ സാമ്പത്തികസ്ഥിതി മോശമായതുകൊണ്ടു് വർദ്ധിപ്പിക്കാൻ നിവ്വാഹമില്ല.

ശ്രീ. ടി. കൃഷ്ണൻ: കൊല്ലത്തു ട്രെയിനിംഗ്ഗു് സെൻററിൽ പഠിക്കുന്ന 13 കുട്ടികൾക്കു് ഇതുവരെ സ്റ്റൈപ്പൻറു കൊടുത്തിട്ടില്ലെന്നുള്ളതു് ശരിയാണോ?

ശ്രീ. കെ. കുഞ്ഞമ്പു: ഏതു് ഇൻസ്റ്റിറ്റ്യൂഷനിലാണു പഠിക്കുന്നതെന്നു പറഞ്ഞാൽ, അതു പരിശോധിക്കാം.

പഞ്ചായത്തു് തിരഞ്ഞെടുപ്പു്

* 316. [3] ശ്രീ. ടി. കെ. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് വ്യവസായവകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ:

(എ) സ്റ്റേറിലെ പഞ്ചായത്തു തിരഞ്ഞെടുപ്പിനുവേണ്ടി എത്ര തുക ചെലവായി;

(ബി) തിരഞ്ഞെടുപ്പിനെ സംബന്ധിച്ചു് എത്ര കേസുകൾ നിലവിലുണ്ടു;

(സി) ഗവണ്മെൻറിനെ കക്ഷിചേർത്തു് ഏതെങ്കിലും കേസു് ഇതു സംബന്ധിച്ചു് നിലവിലുണ്ടോ; ഉണ്ടെങ്കിൽ അതിൻറെ സ്വഭാവമെന്തു്;

(ഡി) ഇതിന്മേൽ ഗവണ്മെൻറു് എന്തു നടപടികളെടുത്തിട്ടുണ്ടു്;

(ഇ) പുതുതായി തിരഞ്ഞെടുക്കപ്പെട്ട പഞ്ചായത്തു മെമ്പറന്മാർക്കും പ്രസിഡൻറന്മാർക്കും പരിശീലനം നൽകാൻ എന്തെങ്കിലും പദ്ധതിയുണ്ടോ?

മിസ്റ്റർ സ്പീക്കർ: എ. ക്കും, ബി. ക്കും നേരത്തെ ഉത്തരം പറഞ്ഞിട്ടുള്ളതാണു്. സി, ഡി, ഈ. മാത്രം ആൻസർ ചെയ്താൽ മതി.

വ്യവസായവകുപ്പുമന്ത്രി (ശ്രീ. കെ. എ. ദാമോദര മേനോൻ):

(സി) ഉണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly